(ബി ആന്റ് സി) വിവിധ ജില്ലകളിലെ ബന്ധപ്പെട്ട അധികാരികൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തന്നെ നിയമനം നടത്തുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നുണ്ട്.

കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ റാങ്ക് ലിസ്റ്റ്

184 [1764] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-3-2004-ന് നിലവിൽ വന്ന പി.എസ്.സി.-യുടെ കെ.എസ്.ഇ.ബി. മീറ്റർ റീഡർ/സ്പോട്ട് ബില്ലർ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികയിൽ സംസ്ഥാനത്ത് എത്ര ഒഴിവുകളുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നവരുടെ സേവന വ്യവസ്ഥകൾ വെളിപ്പെടുത്താമോ;

(ഡി) പി.എസ്.സി.-യുടെ മീറ്റർ റീഡർ/ബില്ലർ റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ആരെയും നിയമിച്ചിട്ടില്ല.

(ബി) 1043 ഒഴിവുകളുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) പരിഗണനയിലുണ്ട്.

പാത്രക്കടവ് ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം

185 [1765] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പാത്രക്കടവ് ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly